# ഭരണസാരഥികൾ കരയട്ടെ

മാർഷൽ

ദൈവത്തിന്റെ സ്വന്തം നാടിനെ ദൈവംതന്നെ കടാക്ഷിക്കണം; നാടിനെ നയിക്കുന്ന നായകരാൽ നേരാക്കപ്പെടുവാൻ സാധ്യത കുറവാണ്; ഇവിടത്തെ ഭരണകർത്താക്കളുടെ നേതൃത്വ മികവ് സംശയലുപ്തമായതാണ് എന്നു ചുരുക്കം!

രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കെ ഉണ്ടായ സംഭവം ഡൽഹിയിലെ നോർത്ത് അവന്യൂവിൽ ഒരു നാടോടിക്കഥയായി പരിണമിച്ചുപോലും.

അനത്താൻ അരിയില്ലാതെ കേരളം വലഞ്ഞിരിക്കുന്ന ഒരു വേള. ഒരുപറ്റം എമ്മെല്ലെമാർ മെല്ലെ മെല്ലെ പ്ലെയിൻ കയറി ഡൽഹിയിലിറങ്ങിയത്രെ! തിരുവന പുരം വിമാനത്താവളത്തിൽ ഇവരെ യാത്രയയയ്ക്കാൻ വന്ന സിൽബന്ധികളോട് ഇവർ വീമ്പു പറഞ്ഞു:

ഞങ്ങൾ ധാ.... അവടെ ചെല്വായി, രാജീവിനെ വളയ്വായി. പിന്നെ ഒറ്റച്ചോദ്യമാ ഉണ്ടാവ്വാ: എ ാ താങ്കൾ കണ്ടിരിക്കണേ, കേരളത്തിന് ആളും നാഥനും ഇല്യാന്ന് നിരീച്ചോ? ഞങ്ങൾക്ക് ഉണ്ണാൻ അരിയുണ്ടോ? ഇല്ല! കുടിക്കാൻ വെള്ളമുണ്ടോ? ഇല്ല! കിടക്കാൻ വീടുണ്ടോ? ഇല്ല! കത്തിക്കാൻ വൈദ്യുതി ഉണ്ടോ? ഇല്ല! പണിയെടുക്കാൻ ഇൻഡസ്ട്രീസ് വല്ലതുമുണ്ടോ? ഇല്ല! പിന്നെ എന്തുകുന്തമാണ് ഞങ്ങൾക്കുള്ളത്? ധാ..... ഒന്നു പറഞ്ഞേക്കാം, കേരളം തെക്കേ അറ്റത്താണ് എന്നും വെച്ച് ഞങ്ങളെ തഴഞ്ഞാൽ ഉണ്ടല്ലോ, പിന്നെ ഇവിടെ പാർട്ടി പൊട്ട്യാൽ ഞങ്ങളെ പറയരുത്, പറഞ്ഞേക്കാം! മൂപ്പരുടെ പക്കൽനിന്ന് അഞ്ചു കപ്പലരി കയറ്റി അയപ്പിച്ചിട്ടേ ഞങ്ങളിവിടേക്ക് ഇനി തിരിച്ചുവരത്തുള്ളൂ! നോക്കിക്കോ! അല്ലെങ്കിൽ ഈ ഞങ്ങളെ, ത്ഫോ... ത്ഫോ... എന്നു വിളിച്ചോളിൻ നിങ്ങള്!

പകൽ പതിനൊന്നരയ്ക്ക് വിമാനമിറങ്ങി. ഡൽഹിയിൽ കാൽകുത്തിയപ്പോൾ കുളിരിന്റെ അയ്യരുകളി!! ഡിസംബർ മാസത്തെ ഡൽഹിക്കുളിര് വിവരിക്കുവാൻ ആവാത്തതാണ്! മകരത്തിൽ മരം കോച്ചും എന്നു മലബാറിൽ പറയും. പക്ഷേ, ഡൽഹിയിൽ സകല സ്ഥാവരജംഗമങ്ങളും കോച്ചിക്കളയും! പാലം വിമാനത്താവളത്തെ താപനില പത്തു ഡിഗ്രി സെൽഷ്യസ്! താടി കൂട്ടിയിടിക്കാൻ തുടങ്ങി. കേരള ഹൗസിൽ കയറി, ചുടുകഞ്ഞി ഉപ്പിട്ടുമോന്തി! മുറിയടച്ച് മെത്തയിൽ തലമൂടിപ്പുതച്ച് അവരെല്ലാം ഒരു ദിവസം കിടന്നു!

കേരളത്തിൽനിന്നു കുറെ എമ്മെല്ലെമാർ എത്തിയിട്ടുണ്ട് എന്ന വിവരം ചാരന്മാർ മുഖേന രാജീവ് ഗാന്ധി അറിയുന്നുണ്ടായിരുന്നു. ലവന്മാർ ചൂടായിരിക്കുകയാണ്. ഒന്നു തണുത്തു വിറയ്ക്കട്ടെ! മുണ്ടും കുപ്പായവും ചെരുപ്പുമായി ലവന്മാർ ഒന്നു കറങ്ങട്ടെ! ലവന്മാരെ നിർത്തേണ്ടടത്തു നിർത്തണം. അതു നാം പരമ്പരാഗതമായി പരിചയിച്ചിട്ടുമുണ്ട്!

ആറു ദിവസങ്ങളോളം എമ്മെല്ലെമാർ കുളിരിൽ കറങ്ങിയത്രെ! ഏറെ വലഞ്ഞ് ഏഴാം ദിവസം സൗത്ത് അവന്യൂ പാതയോരത്ത് ഒരു കൂടിക്കാഴ്ചയ്ക്കു രാജീവൻ സമ്മതിച്ചു. വെറും അഞ്ചേ അഞ്ചു മിനിറ്റ്! രാഷ്ട്രപതി ഭവനിൽനിന്ന് ഇറങ്ങി വരും വഴി കാറു നിർത്തി ഇറങ്ങിവന്നു കൈകൂപ്പി ഔവരേയും പ്രത്യേകം പ്രത്യേകം എതിരേറ്റു:

കൈസാഹൈ, ആപ് ലോഗ്? ഭായിയോം....?

ഠീക് ഹായ് ജീ, മഹരാജ്...!

ഠണ്ട് ബഹൂത് ഹായ് നാ? (തണുപ്പോണ്ട് കോച്ചുന്നുണ്ട് അല്ലേ?)

ആന്നു! ജീ മഹരാജ്!

രഹൻ ശഹൻ..... ഠീക് ഹായ്, ദില്ലീമേം? (താമസ സൗകര്യങ്ങളോ?)

ബഹൂത് ബഡിയാ ജീ! കേരളാ ഹൗസ് പിന്നെ എന്തിലികൃാ? അസ്സൽ ബന്ധവസ്തയാ അവിടെ! കാലത്ത് പൊടിയരിക്കഞ്ഞി, നെയ്യ്, ഉപ്പിലിട്ടത്. ഉച്ചയ്ക്ക് ചോർ, സാമ്പാറ്, പുളിങ്കറി, മെഴുക്കുപുരട്ടി, പപ്പടം, തൈര്, പരിപ്പു പ്രഥമൻ! അത്താഴത്തിനു കഞ്ഞി വേണ്ടോർക്കു കഞ്ഞീം സമ്മന്തീം; ചപ്പാത്തി വേണ്ടോർക്ക് ചപ്പാത്തി, ദാൽ, പ്യാജ്; പൊറോട്ട വേണ്ടോർക്ക്..... അതു മുഴുമിക്കുന്നതിനു മുൻപ് രാജീവ് കയറിപ്പറഞ്ഞു:

ണിങ്ങൾക്ക് ഷുഖമലേ? അതൊ മതി....! എനാൽ....ണാൻ ഇരങ്ങട്ടെ! ളേശം ടിരകുണ്ട്! ഐയാം ഇൻ ഗ്രേറ്റ് ഹറി! പ്ലീസ് എക്സ്ക്യൂസ് മി!!

എഡോ രാജീവ് ജി മലയാളാ പറേണേ....! കേൾക്ക്!!!- ഒരെമ്മെല്ലേ മഹോദയൻ പറഞ്ഞു.

പഴേ പ്രധാനമന്ത്രി കൈകൂപ്പി വിടപറയാൻ തുടങ്ങിയപ്പോൾ ഒരാൾ പറഞ്ഞു:

സാറേ....ഞങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങളുണ്ടേ....അതൊക്കെ ഒന്നു കേൾക്കണേ....!!!

മെമ്മോറാണ്ടമുണ്ടോ? അത് സെക്രട്ടറിക്ക് കൊടുക്കുക!

ഇല്ല, നേരിൽ പറയാം എന്നു കണ്ടേ, വന്നേ....സാർ!

നേരിൽ കണ്ടല്ലോ! ഇനി മെമ്മോറാണ്ടം തന്നാൽ മതി! ഡോണ്ട് യു വറി!!! ഐ ഷാൽ ലുക്കിൻറു എവരി പ്രോബ്ലം ഓഫ് യുവാഴ്സ്!! ആം ഓഫ് യു റിട്ടേൺ പീസ്ഫുളി!!! ഈസ് ഇൻറ് ഇറ്റ് കോഡ് ഔട്ട് ഹിയർ?? ഓക്കേയ്....ബായ് ബായ്....!!!

രാജീവ് ജി വന്നപോലെ പോയി പോലും! എമ്മെല്ലേമാർ പോയപോലെ തിരിച്ചുവരികയും ചെയ്തുപോൽ!!!

തിരുവനന്തപുരത്തിറങ്ങുന്നതിനു പകരം കൊച്ചിവിമാനത്താവളത്തിലിറങ്ങി ആരോരുമറിയാതെ ഓരോ പേരും അവരവരുടെ ഗൃഹം പൂകി. ബാക്കി കാലം സുഖമായി വാണുപോലും!!നാലരക്കോടിയോളം വരുന്ന ഈ നാട്ടിലെ ജനതതിയിലെ 40 ശതമാനം പേരും വെളിനാട്ടിലാണ് എന്ന കാര്യം കാനേഷുമാരി കണക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്ന് അറിവില്ല. എങ്കിലും വാസ്തവമതാണ്. ജോലി ചെയ്യുന്നവരും ആശ്രിതരും ഇതിൽ ഉൾപ്പെടും. ഈ 180 ലക്ഷം മലയാളികളിൽ 5 ശതമാനം പേർ യാത്രചെയ്യുന്നത് വിമാനത്തിലും മറ്റുമായിരിക്കും. ബാക്കിയുള്ള 171 ലക്ഷം പേരും ആണ്ടിൽ ശരാശരി 1.5 തവണയെങ്കിലും നാട്ടിലേക്കു വന്നുപോകുന്നു. ഇവരിൽ 10 ശതമാനം പേർ ബസ്സിലും മറ്റു വാഹനങ്ങളിലും യാത്രചെയ്യുന്നു എന്നു വെക്കുക; അപ്പോൾ തീവണ്ടിയെ ആശ്രയിച്ചു മാത്രം യാത്രതിരിക്കുന്നവരുടെ സംഖ്യ 230 ലക്ഷമാണെന്നു കാണാം. ഒരു തീവണ്ടിയിൽ 1200 പേർ ഏതെങ്കിലും തരത്തിൽ യാത്രചെയ്യുന്നുവെങ്കിൽ, ഇവരെയത്രയും ഈ കരയിലേക്കെത്തിക്കുവാൻ 19,167 യാത്രാതീവണ്ടികൾ വേണമെന്നു വരുന്നു. അതായത് ദിനംപ്രതി 53 എക്സ്പ്രസ്/മെയിൽ വണ്ടികൾ കേരളത്തിലേക്കു ഭാരതത്തിൻെറ നാനാഭാഗങ്ങളിൽനിന്നും പ്രവഹിക്കേണ്ടിയിരിക്കുന്നു. അതു സംഭവിക്കുന്നുണ്ടോ എന്നു ലോഹപഥശകട വകുപ്പും തസ്യ മന്ത്രാലയവും നമ്മുടെ ഭരണസാരഥികളും (അവർ തികച്ചും ഗൃഹപാഠം ചെയ്ത്) തമ്മിൽ സംസാരിച്ച് ഉറപ്പുവരുത്തണം. നാടരും മറുനാടരും ആയ മലയാളികൾ എന്തുമാത്രം പണമാണീ ലോഹപഥശകട വകുപ്പിലേക്കു നല്കുന്നത് എന്നും കണക്കെടുത്ത് കാണിക്കണം. ‘കരയുന്ന കുഞ്ഞിനേ മുലപ്പാലുകിട്ടൂ’ എന്നുണ്ടല്ലോ? ആയതിനാൽ ഭരണസാരഥികൾ ഡൽഹിയിലും റെയിൽ മന്ത്രാലയത്തിനുചുറ്റും വളഞ്ഞ് വാവിട്ടു കരയട്ടെ! സംഗതി മെച്ചപ്പെടാതിരിക്കയില്ല! തീർച്ച!

---

marshal